"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി ആർ.എസ്.കവിതാമണി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1296/2023 നമ്പർ കേസിലെ 12.07.2023 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.101/2024/RD തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന.
2. 09.02.2010 ലെ സ.ഉ.(പി) നം.61/2010/ധന.
3. സർവ്വേ ഡയറക്ടറുടെ 18.02.2021 ലെ DSLR/25/2018-A5 എന്ന കത്തും 12.10.2021, 06.11.2023 തീയതികളിലെ DSLR/1623/2021-A5 നമ്പർ കത്തുകളും
4. ശ്രീമതി ആർ.എസ്.കവിതാമണി സമർപ്പിച്ച 10.07.2023 ലെ നിവേദനം.
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.07.2023 ലെ OA 1296/2023 നമ്പർ കേസിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ശ്രീമതി ആർ.എസ്.കവിതാമണി കാഷ്വൽ സ്വീപ്പറായി സെൻട്രൽ സർവെ ഓഫീസിന് കീഴിലുള്ള ഐ.എൽ.ഡി.എം. കാര്യാലയത്തിൽ പ്രവർത്തിക്കുന്ന സർവ്വേ ട്രെയിനിംഗ് സ്കൂളിൽ 25.04.2001 മുതൽ 03.11.2013 വരെ സേവനമനുഷ്ഠിച്ചിരുന്നതും തുടർന്ന് ടിയാളെ വഴുതക്കാട് സെൻട്രൽ സർവെ ഓഫീസിലെ പഴയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച തായില്ലം സർവ്വേ മ്യൂസിയത്തിലേയ്ക്ക് 03.11.2013 ന് സ്ഥലം മാറ്റി നിയമിക്കുകയും ടി ഓഫീസിൽ ടിയാൾ 04.11.2013 മുതൽ സേവനമനുഷ്ഠിച്ച് വരികയും ചെയ്യുന്നു. ഐ.എൽ.ഡി.എം. കാര്യാലയത്തിന്റെ സ്വീപ്പിങ് ഏര്യ 800.77 ച. മീ. ആയിരുന്നു. ആയതിനാൽ പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷക ഉൾപ്പെടെയുള്ള കാഷ്വൽ സ്വീപ്പർമാരുടെ സേവനം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമീകരിക്കുന്നതിലേയ്ക്കായി സർവ്വേ ഡയറക്ടർ സർക്കാർ മുമ്പാകെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ വ്യവസ്ഥയില്ല എന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത പ്രൊപ്പോസൽ 05.06.2008 ൽ നിരസിച്ചിരുന്നുവെങ്കിലും പ്രസ്തുത ഓഫീസിന് 100 ച.മീ. ൽ കൂടുതൽ സ്വീപ്പിങ് ഏര്യയുള്ളതിനാൽ പരാമർശം (2) സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീമതി ആർ.എസ്.കവിതാമണിക്ക് റഗുലർ പാർട്ട് ടൈം സ്വീപ്പറുടെ വേതനം അനുവദിച്ചിരുന്നു.

2) തായില്ലം കെട്ടിടം ഒഴികെ സർവ്വെ ഡയറക്ടേറ്റ് കെട്ടിടത്തിന്റെയും സെൻട്രൽ സർവ്വെ ഓഫീസ് കെട്ടിടങ്ങളുടെയും ആകെ സ്വീപ്പിങ് ഏര്യ 6714.88 ച. മീ. ആണെന്ന് 21.01.2023 ലെ VS/D3/1/2023 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം തിരുവനന്തപുരം, വെള്ളയമ്പലം, PWD അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ 7 പാർട്ട് ടൈം സ്വീപ്പർ തസ്തികയും 3 കാഷ്വൽ സ്വീപ്പർ തസ്തികയും അനുവദിച്ചിട്ടുണ്ട്. റവന്യൂ ഉദ്യോഗസ്ഥരുടെ സർവെ ട്രെയിനിംഗ് സ്കൂളിൽ ജോലി നോക്കിയിരുന്ന ശ്രീമതി ആർ.എസ്.കവിതാമണി 04.11.2013 മുതൽ ജോലി ചെയ്തു വരുന്ന സെൻട്രൽ സർവെ ഓഫീസിന്റെ കീഴിലുള്ള തായില്ലം കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 473.77 ച.മീ. ആണ്. ആയതിനാലും സെൻട്രൽ സർവെ ഓഫീസ് Permanent building ൽ പ്രവർത്തിക്കുന്നതിനാലും ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി ശ്രീമതി ആർ.എസ്.കവിതാമണി സമർപ്പിച്ച അപേക്ഷ സഹിതം പരാമർശം (3) പ്രകാരം സർവ്വേ ഡയറക്ടർ വീണ്ടും ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ സ്വീപ്പിങ്ങ് ഏര്യ കൂടുതലുള്ള സ്ഥിരം ഓഫീസിലേയ്ക്ക് മാറ്റി നിയമിച്ചത് വഴിയാണ് ശ്രീമതി കവിതാമണി സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കാൻ ഇടയായതെന്ന് നിരീക്ഷിച്ചുകൊണ്ട് അപേക്ഷകയിൽ നിന്നും സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കില്ല എന്ന സത്യവാങ്മൂലം ലഭ്യമാക്കി സമർപ്പിക്കുവാൻ 02.06.2023 ലെ REV-T1/68/2021-REV നമ്പർ കത്ത് പ്രകാരം സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

3) ഇതിനെതിരെ ശ്രീമതി ആർ.എസ്.കവിതാമണി സർക്കാർ മുമ്പാകെ പരാമർശം (4) പ്രകാരം ഒരു നിവേദനം (അനക്സർ എ 6) സമർപ്പിക്കുകയും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി തന്നെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA No.1296/2023 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത കേസ് 12.07.2023 ൽ പരിഗണിച്ച ബഹു.ട്രൈബ്യൂണൽ, ശ്രീമതി കവിതാമണി സർക്കാർ മുമ്പാകെ സമർപ്പിച്ച അനക്സർ എ-6 നിവേദനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കാൻ പരാമർശം (5) പ്രകാരം സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ.എസ്.കവിതാമണിയെ 18.06.2001 തീയതി മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം.

അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വേ ഓഫീസ്, തിരുവനന്തപുരം.

ശ്രീമതി ആർ. എസ്. കവിതാമണി, കാഷ്വൽ സ്വീപ്പർ, സെൻട്രൽ സർവ്വേ ഓഫീസ് അസിസിറ്റന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (സർവ്വേ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (29.02.2024 ലെ 1736357/EXP-C2/27/2021-FIN നമ്പർ റിമാർക്സ് പ്രകാരം).

നിയമ വകുപ്പ് (26.03.2024 ലെ OPN-G2/29/2024-LAW നമ്പർ റിമാർക്സ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്. ( 12.06.2024 ലെ ഇനം നമ്പർ 2215 പ്രകാരം)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 14-06-2024 17:23:02

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. ന്

ബഹു. റവന്യൂ മന്ത്രിയുടെ പി. എസ്. ന്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-06-2024

ഫയൽ നം. റവ-റ്റി1/68/2021/റവ. ഇനം നം: 2215

വിഷയം : റവന്യൂ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1296/2023 നമ്പർ കേസിലെ 12.07.2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചും ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി. ആർ. എസ്. കവിതാമണിയെ 18.06.2001 തീയതി മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

13/6

13/6

Government of Kerala
(Sri.Pinarayi Vijayan Ministry)
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | RD-T1/68/2021-RD |
| 2 | Department | Revenue (T) Department |
| 3 | Subject | Regularisation of the service of Smt. R.S.Kavithamani, Casual Sweeper, Office of Central Survey Assistant Director, Trivandrum, with retrospective effect from 18.06.2001 by creating a post of Part Time Sweeper in the said office and granting consequential benefits in accordance with the Order of the Hon'ble Kerala Administrative Tribunal dated 12.07.2023 in OA 1296/2023-reg. |
| 4 | Date of Chief Minister's order for placing before the Council | 26.05.2024 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes., Law Department |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8 | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 06.06.2024 |
| 10 | Name of Chief Secretary who approved the Draft Note | Dr.Venu V. |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 11.06.2024 |
| 12 | Name of Minister who approved the Draft Note | Sri. K. Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 11.06.2024 |
| 14 | Date of submission of fair copies | 12.06.2024 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

## NOTE FOR THE COUNCIL OF MINISTERS

This note relates to the regularisation of the service of Smt. R.S.Kavithamani, who has been working as Casual Sweeper in the Office of the Central Survey Assistant Director, Thiruvananthapuram, with retrospective effect from 18.06.2001 by creating a post of Part Time Sweeper in the above mentioned office and granting consequential benefits to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 12.07.2023 in OA 1296/2023.

2. Smt. R.S.Kavithamani has been working as Casual Sweeper at Survey Training School, which is functioning in ILDM office under Central Survey Office, since 25.04.2001. She was later transferred to Thayillam, the Survey Museum which was started functioning in an old building of Central Survey Office at Vazhuthacaud, on 03.11.2013 and has been continuing in the said office since 04.11.2013 onwards. The sweeping area of the I.L.D.M Survey Training School was 800.77 sq.m.. Hence the Director of Survey and Land Records has submitted a proposal before Government for regularising her services along with other Casual Sweepers as Part Time Sweeper in accordance with G.O.(P)No. 501/2005/Fin dated 25.11.2005. Government, vide letter No.59252/T1/07/RD dated 05.08.2008 declined the said proposal stating that there is no provision for regularising the services of Casual Sweepers working in the temporary establishments. However, since the sweeping area of the aforesaid office is above 100 sq.m., she has been allowed the remuneration admissible as that of Part Time Sweeper in the light of G.O.(P) No. 61/2010/Fin dated 09.02.2010.

3. The Assistant Engineer, PWD, Vellayambalam, Thiruvananthapuram, vide Certificate No. VS/D3/1/2023 dated 21.01.2023 has certified that the total sweeping area of the Survey Directorate Building and Central Survey office buildings except the Thayillam building is

6714.88 sq.m. The Director of Survey and Land Records has reported that 7 posts of Part Time Sweeper and 3 posts of Casual sweeper are allowed to the Office of the Survey Assistant Director. The sweeping area of Thayillam building of the Central Survey Office, where Smt. R. S. Kavithamani is working from 04.11.2013 onwards, is 473.77 sq.m. Subsequently the Director of Survey and Land Records has again submitted a proposal along with her request for regularising her service as Part Time Sweeper since Central Survey Office is functioning in a permanent building. Based on the opinion of the Finance Department and Government have observed that the applicant acquired the right for regularisation as she was transferred to a permanent office having more sweeping area and hence vide letter No. T1/68/2021/RD dated 02.06.2023 directed the Survey Director to furnish an undertaking of Smt. R.S.Kavithamani that she would not claim for regularisation in future.

4. Aggrieved by this, Smt.Kavithamani had again submitted a representation(Annexure A6) before Government requesting to regularise her service as Part Time Sweeper in accordance with the existing Government Orders. She had also preferred OA No. 1296/2023 before the Hon'ble Kerala Administrative Tribunal with the same prayer. The Hon'ble Tribunal considered the case on 12.07.2023 and directed the Government to consider and pass orders on Annexure A6 representation submitted by the applicant.

5. The Finance Department has opined as follows in the matter of complying with the Order of Hon'ble Kerala Administrative Tribunal dated 12.07.2023 in OA 1296/2023.

> "25/11/2005 തിയ്യതിയിലെ സ. ഉ. (പി) 501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏര്യ ഉള്ള സ്ഥിരം ഓഫീസുകളിൽ ജോലി നോക്കി വരുന്ന കാഷ്വൽ സ്വീപ്പർമാരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണത്തിന് അർഹരായിട്ടുള്ളത്. ശ്രീമതി കവിതാമണി

25/04/2001 മുതൽ 03.11.2013 വരെയുള്ള കാലയളവിൽ കാഷ്വൽ സ്വീപ്പറായി സെൻട്രൽ സർവ്വേ ഓഫീസിന് കീഴിലുള്ള ഐ. എൽ. ഡി. എം - ലെ താല്ക്കാലിക എസ്റ്റാബ്ലിഷ്മെന്റിൽ ജോലി നോക്കി വരികയായിരുന്നു. പിന്നീടാണ് 04/11/2013 മുതൽ സെൻട്രൽ സർവ്വേ ഓഫീസ് കാര്യാലയത്തിലെ സ്ഥിരം എസ്റ്റാബ്ലിഷ്മെന്റ് ആയ തായില്ലം കെട്ടിടം തൂത്ത് വൃത്തിയാക്കുന്നതിനായി നിയോഗിച്ചിരിക്കുന്നത്. താല്ക്കാലിക എസ്റ്റാബ്ലിഷ്മെന്റുകളിൽ ജോലി നോക്കി വരുന്ന കാഷ്വൽ സ്വീപ്പർമാരെ സ്വീപ്പിങ്ങ് ഏര്യ കൂടുതലുള്ള സ്ഥിരം ഓഫീസുകളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിനും പിന്നീട് സ്ഥിരം ഓഫീസിന്റെ ഉയർന്ന സ്വീപ്പിങ്ങ് ഏര്യയ്ക്ക് ആനുപാതികമായി ക്രമവത്ക്കരണം അനുവദിക്കുന്നതിനും 25/11/2005 തിയ്യതിയിലെ സ.ഉ. (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് വ്യവസ്ഥയില്ല. അതിനാൽ ശ്രീമതി കവിതാമണിയെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ കഴിയാത്തതിനാൽ ടിയാരിയുടെ അപേക്ഷ നിരസിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അത്തരത്തിൽ കോടതി വിധി നടപ്പിലാക്കേണ്ടതുമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

6. In view of the opinion of the Finance Department, the Law Department was consulted in the matter of complying with the Order of Hon'ble Kerala Administrative Tribunal dated 12.07.2023 in OA 1296/2023 and that Department has opined as follows.

"25/11/2005 ലെ സ.ഉ. (പി) നം. 501/2005/ധന ഉത്തരവ് പ്രകാരം സ്ഥിരം എസ്റ്റാബ്ലിഷ്മെന്റ് താല്ക്കാലിക എസ്റ്റാബ്ലിഷ്മെന്റ് എന്നിവ തമ്മിൽ യാതൊരു വേർതിരിവും നടത്തിയിട്ടില്ലെന്നു OA(EKM) 3076/2017 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. 25.04.2001 മുതൽ ശ്രീമതി കവിതാമണി സെൻട്രൽ സർവെ ഓഫീസിന് കീഴിലുള്ള ഐ.എൽ.ഡി.എം. കാര്യാലയത്തിലും

സെൻട്രൽ സർവെ ഓഫീസിലുമായി കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരികയാണ്. അതായത് 25/11/2005 തീയതിയിലെ G O (P) No.501/2005/Fin ഉത്തരവ് നിഷ്കർഷിച്ചിട്ടുള്ളത് പോലെ 25/11/2005 ന് ടിയാരി സർവീസിൽ തുടർന്ന് വരുന്നതാണ്. സ്വീപ്പിംഗ് ഏര്യ സംബന്ധിച്ച് യാതൊരു തർക്കങ്ങളും നിലനിൽക്കുന്നുമില്ല. മേൽ സാഹചര്യത്തിൽ 25.04.2001 തിയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി കവിതാമണിയെ സ്ഥിരപ്പെടുത്തിക്കൊണ്ട് OA 1296/2023 നമ്പർ കേസിൽ 12.07.2023 ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. As per para 8 of G.O.(P)No.501/2005/Fin dated 25.11.2005 it was stipulated that the posts shall be created with effect from the date of appointment of the incumbent as Casual Sweeper or from 18.06.2001, whichever is later. In the instant case, Smt. R.S.Kavithamani has been working as Casual Sweeper continuously under Central Survey Office from 25.04.2001 onwards. Furthermore, the office, where she was previously working also has the required sweeping area to create a Part Time Sweeper post. Hence the applicant is eligible for regularisation with effect from 18.06.2001 as per para 8 of G.O.(P)No. 501/2005/Fin dated 25.11.2005.

8. In the above circumstance, the services of Smt. Kavithamani R.S., Casual Sweeper at Central Survey office in Trivandrum District may be regularised with retrospective effect from 18.06.2001 by creating a post of Part Time Sweeper in the above mentioned office with consequential benefits if any, in accordance with the remarks of Law Department and also by overruling the remarks of Finance Department in this regard to comply with the order of the Hon'ble Kerala Administrative Tribunal in O.A.No.1296/2023.

9. When the file was circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

## Point for decision

Whether the services of Smt. R.S.Kavithamani, Casual Sweeper at Central Survey office in Thiruvananthapuram District may be regularised with retrospective effect from 18.06.2001, by creating a post of Part Time Sweeper in the above mentioned office to accommodate her and consequential benefits, if any, may be granted to her in accordance with the Order of the Hon'ble Kerala Administrative Tribunal dated 12.07.2023 in O.A.No.1296/2023, by overruling the remarks of Finance Department ?

2215

| | | |
|---|---|---|
| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
| 1. | ഫയൽ നമ്പർ | റവ-റ്റി1/68/2021-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1296/2023 നമ്പർ കേസിലെ 12.07.2023 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചും ടി ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ.എസ്.കവിതാമണിയെ 18.06.2001 തീയതി മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതും - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.05.2024 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 06.06.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.06.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 11.06.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 12.06.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1296/2023 നമ്പർ കേസിലെ 12.07.2023 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ.എസ്.കവിതാമണിയെ 18.06.2001 തീയതി മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ആർ.എസ്.കവിതാമണി കാഷ്വൽ സ്വീപ്പറായി സെൻട്രൽ സർവെ ഓഫീസിന് കീഴിലുള്ള ഐ.എൽ.ഡി.എം. കാര്യാലയത്തിൽ പ്രവർത്തിക്കുന്ന സർവ്വേ ട്രെയിനിംഗ് സ്കൂളിൽ 25.04.2001 മുതൽ 03.11.2013 വരെ സേവനമനുഷ്ഠിച്ചിരുന്നതും തുടർന്ന് ടിയാളെ വഴുതക്കാട് സെൻട്രൽ സർവെ ഓഫീസിലെ പഴയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച തായില്ലം സർവ്വേ മ്യൂസിയത്തിലേയ്ക്ക് 03.11.2013 ന് സ്ഥലം മാറ്റി നിയമിക്കുകയും ടി ഓഫീസിൽ ടിയാൾ 04.11.2013 മുതൽ സേവനമനുഷ്ഠിച്ച് വരികയും ചെയ്യുന്നു. ഐ.എൽ.ഡി.എം. കാര്യാലയത്തിന്റെ സ്വീപ്പിങ് ഏര്യ 800.77 ച. മീ. ആയിരുന്നു. ആയതിനാൽ 25.11.2005 ലെ സ.ഉ.(പി)നം.501/2005/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷക ഉൾപ്പെടെയുള്ള കാഷ്വൽ സ്വീപ്പർമാരുടെ സേവനം പി.ടി.എസ്. തസ്തികയിൽ ക്രമീകരിക്കുന്നതിലേയ്ക്കായി സർവ്വേ ഡയറക്ടർ സർക്കാർ മുമ്പാകെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ വ്യവസ്ഥയില്ല എന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത പ്രൊപ്പോസൽ 05.06.2008 ലെ 59252/T1/07/RD പ്രകാരം നിരസിച്ചിരുന്നു. എന്നിരുന്നാലും പ്രസ്തുത ഓഫീസിന് 100 ച.മീ. ൽ കൂടുതൽ സ്വീപ്പിങ് ഏര്യയുള്ളതിനാൽ 09.02.2010 ലെ സ.ഉ.(പി)നം.61/2010/ധന ഉത്തരവിന്റെ വെളിച്ചത്തിൽ ടിയാരിക്ക് റഗുലർ പാർട്ട് ടൈം സ്വീപ്പറുടെ വേതനം അനുവദിച്ചിരുന്നു.

3. തായില്ലം കെട്ടിടം ഒഴികെ സർവ്വെ ഡയറക്ടേറ്റ് കെട്ടിടത്തിന്റെയും സെൻട്രൽ സർവ്വെ ഓഫീസ് കെട്ടിടങ്ങളുടെയും ആകെ സ്വീപ്പിങ് ഏര്യ 6714.88 ച. മീ. ആണെന്ന് 21.01.2023 ലെ VS/D3/1/2023 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം തിരുവനന്തപുരം, വെള്ളയമ്പലം, PWD അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ 7 പാർട്ട് ടൈം സ്വീപ്പർ തസ്തികയും 3 കാഷ്വൽ സ്വീപ്പർ തസ്തികയും അനുവദിച്ചിട്ടുണ്ട്.

റവന്യൂ ഉദ്യോഗസ്ഥരുടെ സർവെ ട്രെയിനിംഗ് സ്കൂളിൽ ജോലി നോക്കിയിരുന്ന ശ്രീമതി ആർ.എസ്.കവിതാമണി 04.11.2013 മുതൽ ജോലി ചെയ്തു വരുന്ന സെൻട്രൽ സർവെ ഓഫീസിന്റെ കീഴിലുള്ള തായില്ലം കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 473.77 ച.മീ. ആണ്. ആയതിനാലും സെൻട്രൽ സർവെ ഓഫീസ് Permanent building ൽ പ്രവർത്തിക്കുന്നതിനാലും ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി ശ്രീമതി ആർ.എസ്.കവിതാമണി സമർപ്പിച്ച അപേക്ഷ സഹിതം സർവ്വേ ഡയറക്ടർ വീണ്ടും ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും സ്വീപ്പിങ്ങ് ഏര്യ കൂടുതലുള്ള സ്ഥിരം ഓഫീസിലേയ്ക്ക് മാറ്റി നിയമിച്ചത് വഴിയാണ് ശ്രീമതി കവിതാമണി സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കാൻ ഇടയായതെന്ന് നിരീക്ഷിച്ചുകൊണ്ടും അപേക്ഷകയിൽ നിന്നും സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കില്ല എന്ന സത്യവാങ്മൂലം ലഭ്യമാക്കി സമർപ്പിക്കുവാൻ 02.06.2023 ലെ T1/68/2021/RD നമ്പർ കത്ത് പ്രകാരം സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

4. ഇതിനെതിരെ ശ്രീമതി ആർ.എസ്.കവിതാമണി വീണ്ടും സർക്കാർ മുമ്പാകെ ഒരു നിവേദനം(അനക്സർ എ 6) സമർപ്പിക്കുകയും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി തന്നെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA No.1296/2023 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത കേസ് 12.07.2023 ൽ പരിഗണിച്ച ബഹു.ട്രൈബ്യൂണൽ, ശ്രീമതി കവിതാമണി സർക്കാർ മുമ്പാകെ സമർപ്പിച്ച അനക്സർ എ 6 നിവേദനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

5. OA No.1296/2023 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 12.07.2023 ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

> "25/11/2005 തിയ്യതിയിലെ സ. ഉ. (പി) 501/2005/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തിയ്യതിയിൽ 100 ച. മീ. മുകളിൽ സ്വീപ്പിങ്ങ് ഏര്യ ഉള്ള സ്ഥിരം ഓഫീസുകളിൽ ജോലി നോക്കി വരുന്ന കാഷ്വൽ സ്വീപ്പർമാരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണത്തിന് അർഹരായിട്ടുള്ളത്. ശ്രീമതി കവിതാമണി 25/04/2001 മുതൽ 03.11.2013 വരെയുള്ള കാലയളവിൽ കാഷ്വൽ സ്വീപ്പറായി സെൻട്രൽ സർവ്വേ ഓഫീസിന് കീഴിലുള്ള ഐ. എൽ. ഡി. എം - ലെ താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റിൽ ജോലി നോക്കി വരികയായിരുന്നു. പിന്നീടാണ് 04/11/2013 മുതൽ സെൻട്രൽ സർവ്വേ ഓഫീസ് കാര്യാലയത്തിലെ സ്ഥിരം എസ്റ്റാബ്ലിഷ്മെന്റ് ആയ തായില്ലം കെട്ടിടം ശുത്ത് വൃത്തിയാക്കുന്നതിനായി നിയോഗിച്ചിരിക്കുന്നത്. താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റുകളിൽ ജോലി നോക്കി

വരുന്ന കാഷ്വൽ സ്വീപ്പർമാരെ സ്വീപ്പിങ്ങ് ഏര്യ കൂടുതലുള്ള സ്ഥിരം ഓഫീസുകളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിനും പിന്നീട് സ്ഥിരം ഓഫീസിന്റെ ഉയർന്ന സ്വീപ്പിങ്ങ് ഏര്യയ്ക്ക് ആനുപാതികമായി ക്രമവത്ക്കരണം അനുവദിക്കുന്നതിനും 25/11/2005 തിയ്യതിയിലെ സ.ഉ.(പി)നം. 501/2005/ധന ഉത്തരവ് അനുസരിച്ച് വ്യവസ്ഥയില്ല. അതിനാൽ ശ്രീമതി കവിതാമണിയെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ കഴിയാത്തതിനാൽ ടിയാരിയുടെ അപേക്ഷ നിരസിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അത്തരത്തിൽ കോടതി വിധി നടപ്പിലാക്കേണ്ടതുമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ OA No. 1296/2023 നമ്പർ കേസിലെ 12.07.2023 ലെ വിധി നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"25/11/2005 ലെ സ.ഉ ( പി ) നം . 501/2005/ധന ഉത്തരവ് പ്രകാരം സ്ഥിരം എസ്റ്റാബ്ലിഷ്മെന്റ് താല്ക്കാലിക എസ്റ്റാബ്ലിഷ്മെന്റ് എന്നിവ തമ്മിൽ യാതൊരു വേർതിരിവും നടത്തിയിട്ടില്ലെന്നു OA(EKM) 3076/2017 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. 25.04.2001 മുതൽ ശ്രീമതി കവിതാമണി സെൻട്രൽ സർവെ ഓഫീസിന് കീഴിലുള്ള ഐ.എൽ.ഡി.എം. കാര്യാലയത്തിലും സെൻട്രൽ സർവെ ഓഫീസിലുമായി കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരികയാണ്. അതായത് 25/11/2005 തീയതിയിലെ G. O. (P) No.501/2005/Fin ഉത്തരവ് നിഷ്കർഷിച്ചിട്ടുള്ളത് പോലെ 25/11/2005 ന് ടിയാരി സർവീസിൽ തുടർന്ന് വരുന്നതാണ്. സ്വീപ്പിംഗ് ഏര്യ സംബന്ധിച്ച് യാതൊരു തർക്കങ്ങളും നിലനിൽക്കുന്നുമില്ല. മേൽ സാഹചര്യത്തിൽ 25.04.2001 തിയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി കവിതാമണിയെ സ്ഥിരപ്പെടുത്തിക്കൊണ്ട് OA 1296/2023 നമ്പർ കേസിൽ 12.07.2023 ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. നിലവിലുള്ള ജീവനക്കാരനെ കാഷ്വൽ സ്വീപ്പറായി നിയമിച്ച തീയതി മുതലോ അല്ലെങ്കിൽ 18.06.2001 ഇതിൽ ഏതാണോ അവസാനം ആ തീയതി പ്രാബല്യത്തിലാണ് പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കേണ്ടത് എന്ന് 25.11.2005 ലെ സ.ഉ.(പി)നം.501/2005/ധന ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഈ കേസിൽ ശ്രീമതി ആർ.എസ്.കവിതാമണി 25.04.2001 മുതൽ തുടർച്ചയായി കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. മാത്രമല്ല ടിയാൾ ആദ്യം സേവനമനുഷ്ഠിച്ചിരുന്ന ഓഫീസിനും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ സ്വീപ്പിങ് ഏര്യ ഉണ്ട്. ആയതിനാൽ 25.11.2005 ലെ

സ. ഉ. (പി)നം.501/2005/ധന ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം അപേക്ഷക 18.06.2001 തീയതി മുതൽ ക്രമവൽക്കരണത്തിന് അർഹയാണ്.

8. മേൽ സാഹചര്യത്തിൽ, O. A. 1296/2023 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും അതോടൊപ്പം ധന വകുപ്പിന്റെ അഭിപ്രായം മറികടന്നും തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചും ടി ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ.എസ്.കവിതാമണിയെ 18.06.2001 തീയതി മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

9. ഫയൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, O. A. 1296/2023 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.07.2023 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആർ.എസ്.കവിതാമണിയെ 18.06.2001 തീയതി മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?